2. ചെറുകിട വ്യവസായ പാർക്ക്, ശീതഗോളി, കാസർഗോഡ് ജില്ല.

3. ചെറുകിട വ്യവസായ പാർക്ക്, തലശ്ശേരി, കണ്ണൂർ ജില്ല.

4. ചെറുകിട വ്യവസായ പാർക്ക്, മഴുവന്നൂർ, എറണാകുളം ജില്ല.

5. ഐരാപുരത്ത് റബ്ബർ പാർക്ക്

സിഡ്കോയുടെ ആഭിമുഖ്യത്തിൽ 37 വ്യവസായ പാർക്കുകൾ സ്ഥാപിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ട്.

(ബി) എറണാകുളത്തെ എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ പ്രവർത്തനമാരംഭിച്ച കെ.സി.പി.എൽ. എന്ന കമ്പനിയിൽ 86 പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്.

വ്യവസായികൾ യൂണിറ്റുകൾ തുടങ്ങുന്ന മുറയ്ക്കേ നേരിട്ടുള്ള തൊഴിലവസരങ്ങൾ ഉണ്ടാകുകയുള്ളു.

ചവറ കെ.എം.എം.എൽ. ന്റെ വികസനം

19 (1360) ശ്രീ. എഴുകോൺ നാരായണൻ :

ശ്രീ. എ.കെ. മണി :

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ കെ.എം.എം.എൽ-ന്റെ വികസനത്തിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്;

(ബി) ഇതിന്റെ വികസനത്തിന് എന്ത് തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ചവറ കെ.എം.എം.എൽ-ന്റെ വികസനത്തിനുവേണ്ടിയുള്ള തുക എപ്രകാരം ഉണ്ടാക്കാമെന്നാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഈ കമ്പനിയുടെ വികസനാർത്ഥം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എന്തു തുക ചെലവാക്കി;

(ഇ) എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എം.എം.എൽ.ന്റെ വികസനത്തിനുവേണ്ടി താഴെപ്പറയുന്ന നാല് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

1. പ്രതിവർഷം 3 ലക്ഷം മെട്രിക് ടൺ ഇൽമനൈറ്റ് ഉല്പാദിപ്പിക്കുന്നതിന് 292.47 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു മിനറൽ സെപ്പറേഷൻ പ്ലാന്റ് സ്ഥാപിക്കുക.

2. ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മെന്റ് യൂണിറ്റിന്റെ വാർഷികോല്പാദനം 60000 മെട്രിക് ടണ്ണായി ഉയർത്തുന്നതിന് 15.99 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി നടപ്പിലാക്കുക.

3. പ്രതിദിനം 100 മെട്രിക് ടൺ ഓക്സിജൻ ഉല്പാദിപ്പിക്കുന്നതിന് 51.82 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പ്ലാന്റ് സ്ഥാപിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

4. 22.13 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു അത്യാധുനിക ഓട്ടോമാറ്റിക് പാക്കിംഗ് സിസ്റ്റം സ്ഥാപിക്കുക.

(ബി) മേൽപ്പറഞ്ഞ വികസനപദ്ധതികൾക്ക് ആകെ 782.41 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

(സി) കെ.എം.എം.എൽ.-ന്റെ വികസനത്തിനാവശ്യമായ പണം ആഭ്യന്തരവിഭവ സമാഹരണം (ഇന്റേണൽ ജനറേഷൻ) വഴി സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്. മൊത്തം തുക അപ്രകാരം സ്വരൂപിക്കാൻ സാധിക്കുന്നില്ലായെങ്കിൽ ബാക്കി തുക ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ദീർഘകാല വായ്പ യെടുത്ത് പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി)&(ഇ) വികസന പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കമ്പനിയുടെ ആഭ്യന്തരവിഭവത്തിൽനിന്നും മിനറൽ സെപ്പറേഷൻ പ്ലാന്റിന്റെ താൽക്കാലിക നവീകരണത്തിനുവേണ്ടി 9.24 കോടി രൂപ ചെലവ് വരുന്ന ഒരു പദ്ധതിക്ക് മെസേഴ്സ് സിൽക്ക്സ് ഓർഡർ നൽകിയിട്ടുണ്ട്.

കാസർഗോഡ് പെട്രോ കെമിക്കൽ വ്യവസായം ആരംഭിക്കുവാൻ നടപടി

20 (1361)ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഒരു പെട്രോ കെമിക്കൽ വ്യവസായം ആരംഭിക്കുവാൻ ഉദ്ദേശമുണ്ടായിരുന്നുവോ;

(ബി) ഇത് സംബന്ധിച്ച ധാരണാപത്രം എന്നാണ് ഒപ്പുവച്ചത്;

(സി) ഇതിന്റെ പണിയുടെ ഇപ്പോഴത്തെ അവസ്ഥ എന്ത്;

(ഡി) ഈ വ്യവസായം എന്നത്തേക്ക് പ്രവർത്തനക്ഷമമാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ടായിരുന്നു.

(ബി) അനുയോജ്യമായ ഒരു പ്രൊമോട്ടറെ കണ്ടെത്തുവാനുള്ള കെ.എസ്.ഐ.ഡി.സി.യുടെ ശ്രമം തുടരുന്നു.

(സി)&(ഡി) ചോദ്യം ഉദിക്കുന്നില്ല.

കരുപ്പുകട്ടി നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്നവർ

21 (1362)ശ്രീ. സത്യൻ മൊകേരി :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. യു.എസ്. ശശി :
ശ്രീ. പി. രാജു :

LIBRARY ARCHIVES Kerala Legislative Assembly